**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.834  10.06.2019 -ലെ മറുപടിക്ക്**

## അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.എഫ്.തോമസ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ എത്ര കോളനികളാണ് അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ പ്പെടുത്തി ഏറ്റെടുത്തിട്ടുള്ളത്; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2 കോളനികളെയും, സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 2 കോളനികളെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര കോളനികൾ ഏറ്റെടുത്തിട്ടുണ്ട്; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും 2 കോളനികളെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിരുന്നു. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് എത്ര കോളനികൾ ഏറ്റെടുത്തിട്ടുണ്ട്; | (സി) | ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും 2 കോളനികളെ തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (ഡി) | ഈ കോളനികളുടെ നവീകരണത്തിന് ഓരോന്നിനും എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ഡി) | പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ഓരോ കോളനിയിലും ഒരു കോടി രൂപയിൽ കവിയാത്ത തുകയ്ക്കുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്. |
| (ഇ) | എല്ലാ കോളനികളുടെയും ജോലികൾ വളരെ മന്ദഗതിയിലാണ് നീങ്ങുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനിയിലെ 90% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിലെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |

<table>
<tr>
<td>(എഫ്)</td>
<td>ഓരോ കോളനികളുടെയും നിർമ്മാണ പുരോഗതി വിശദീകരിക്കുമോ;</td>
<td>(എഫ്)</td>
<td>
<table>
<tr><td>1. ഇടപ്പള്ളി കോളനി</td><td>90% പണികൾ പൂർത്തീകരിച്ചു</td></tr>
<tr><td>2. സചിവോത്തമപുരം</td><td>ആംബുലൻസ് വാങ്ങുന്നത് ഒഴികെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു</td></tr>
<tr><td>3. പുതുച്ചിറ കോളനി -</td><td>MOU ഒപ്പ് വയ്ക്കുന്നതിന് ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.</td></tr>
<tr><td>4. അമര കോളനി</td><td>പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കമ്മ്യൂണിറ്റി ഹാളിന് സ്ഥലം ലഭിക്കാത്തതിനാൽ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല.</td></tr>
</table>
</td>
</tr>
<tr>
<td>(ജി)</td>
<td>സമയബന്ധിതമായി ഈ കോളനികളുടെ പണികൾ തീർക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?</td>
<td>(ജി)</td>
<td>ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ